ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻ/അഗ്രിക്കൾച്ചറൽ ലേബർ ഇൻസ്പെക്ടർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ചപ്പോൾ പ്രസ്തുത അനുപാതത്തിൽ കുറവുണ്ടായി. ഇപ്രകാരം ഉണ്ടായ ഒഴിവുകൾ നേരിട്ടുള്ള നിയമനം വഴി നികത്തുന്നതിനുവേണ്ടി പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിച്ചിട്ടുണ്ട്.

(എഫ്) സ്പെഷ്യൽ റൂൾസ് അനുസരിച്ച് 3:1 എന്ന അനുപാതത്തിൽ നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

(ജി) സ്പെഷ്യൽ റൂൾസ് പ്രകാരമുള്ള അനുപാതം പാലിക്കുന്ന കാര്യത്തിൽ വീഴ്ചയുണ്ടായിട്ടില്ല.

കെ.എസ്.ആർ.ടി.സി. ഡിപ്പോ തുടങ്ങാൻ നടപടി

90 [2217] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്ഥലം ലഭ്യമാക്കിയാൽ പുതിയ ബസ് ഡിപ്പോകൾ ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ;

(ബി) പുതുതായി ബസ് ഡിപ്പോ തുടങ്ങുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യം പഞ്ചായത്തുകൾ ലഭ്യമാക്കിയാൽ ബസ് ഡിപ്പോ തുടങ്ങുന്നതിന് കെ.എസ്.ആർ.ടി.സി.-ക്ക് എന്തെങ്കിലും തടസ്സമുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ ആന്റ് ബി) പുതുതായി ബസ്സ് ഡിപ്പോകൾ ആരംഭിക്കുന്നതിനേക്കാൾ നിലവിലുള്ള ബസ്സ് ഡിപ്പോകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനാണ് കെ.എസ്.ആർ.ടി.സി. ഇപ്പോൾ ശ്രമിക്കുന്നത്. നിലവിലുള്ള ബസ്സ് ഡിപ്പോകൾകൊണ്ടു തന്നെ കൂടുതൽ മെച്ചപ്പെട്ട സേവനം നൽകാൻ സാധിക്കുമെന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ട്. സ്ഥലവും, അടിസ്ഥാന സൗകര്യങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കിയാൽ തന്നെയും പുതിയ ഡിപ്പോകൾ നിലനിർത്തുന്നതിനും നടത്തിക്കൊണ്ടുപോകുന്നതിനും ഭരണപരമായ ചെലവുകൾ നികത്താൻ തക്കവണ്ണം ലാഭകരമായ രീതിയിൽ സർവ്വീസ് നടത്താനാകും എന്ന് കോർപ്പറേഷന് ഉത്തമബോധ്യമുള്ള പ്രദേശങ്ങളിൽ സ്ഥലവും അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കിയാൽ ഈ നിർദ്ദേശം പരിഗണിക്കാവുന്നതാണ്.

വടക്കാഞ്ചേരിയിൽ കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റേഷൻ

91 [2218] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്ക് ആസ്ഥാനമായ വടക്കാഞ്ചേരിയിൽ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ അനുവദിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly